# നെന്മാണിക്യം

(നോവൽ–19)

ജോൺ ഇളമത

നായർമാടമ്പിയായിരുന്ന കോട്ടയ്ക്കൽ മാതുപിള്ള ആയിരുന്നു ചുമ്മാരുടെ അടുത്ത സുഹൃത്ത്. മാതുപിള്ള പേരുകേട്ട തിരുമ്മൽ വിദഗ്ദ്ധനായിരുന്നു.

ഒരിക്കൽ എണ്ണയും കുഴമ്പും തേച്ചുനിന്ന ചുമ്മാർ കുളിക്കടവിൽ തെന്നിവീണു. ഇടതുകൈ കുത്തിയാണ് വീണത്. കുഴതെറ്റി. അങ്ങനെയാണ് മാതുപിള്ളയുമായി അടുപ്പം ആരംഭിച്ചത്. തെറ്റിയ കുഴ ഞൊടിയിടകൊണ്ട് മാതുപിള്ള നേരെയിട്ടു.



അതിൽപ്പിന്നീട് അവർ ചെങ്ങാതിമാരായി. പരസ്പരം ചികിത്സാവിധികൾ കൈമാറി.

സൊറപറഞ്ഞും മുറുക്കിയും ചൂതുകളിച്ചും അവർ ചെങ്ങാത്തം പങ്കിട്ടു.

മാതുപിള്ള പുരോഗമനവാദിയായിരുന്നു. എല്ലാ മതങ്ങളെയും ആചാരങ്ങളെയും അദ്ദേഹം ഉൾക്കൊണ്ടു. അവയുടെ സാരാംശങ്ങളെക്കുറിച്ച് അവർ തമ്മിൽ ചർച്ച നടത്തുമായിരുന്നു.

ഒരിക്കൽ ചൂതുകളിക്കിടയിൽ മാതുപിള്ള പറഞ്ഞു:

ചുമ്മാരുമാപ്ല അറിഞ്ഞോ, അഞ്ചൽവകുപ്പ് പൊതുജനത്തിന് തൊറന്നുകൊടുക്കാം പോവ്വാ. ദിവാൻ മാധവറാവുന്റെ ഭരണപരിഷ്കാരമാ.

നല്ല കാര്യംതന്നെ. ഇനീ അത്യാവശ്യ വിവരോംഅറിയിക്കാൻ കാടുകേറി കുറുക്കുവഴി ഓടണ്ടല്ലോ.

ന്നാലു പുകയിലക്കുത്തക തടയാനൊരുങ്ങിയത് മാധവറാവുന്റെ മണ്ടത്തരമാ. ആരേലും നാലു ചക്രം ഒണ്ടാക്കുന്നോന്റെ മണ്ട ചെത്തണം. വിശേഷിച്ച നസ്രാണിടെ. ആരാ ഈ ഖജനാവ് കാലിയാക്കുമ്പം സഹായിക്കുന്നേ, കാശുകാരായ നസ്രാണിമാര് അല്ലാണ്ടാരാ?

ആയില്യംതിരുനാളുതമ്പുരാൻ പാവമാ! മാധവറാവു പറഞ്ഞാ എല്ലാം കണ്ണടച്ചങ്ങു വിശ്വസിക്കും. ദിവാന്റെ തലേക്കൂടാ തിരുവിതാംകൂറ് തിരിയുന്നേ!

ഞാ, വാസ്തത്തോത്തി ഭരിക്കുന്നത് ധ്വരമാരല്ലിയോ? ആദ്യമൊക്കെ അവരോടെനിക്കു വെറുപ്പാരുന്നു. ന്നാലും രാജ്യം നന്നാകുന്നൊണ്ട്.

ബുദ്ധിമുട്ടാൻ മനസ്സൊള്ളോന് കാശൊണ്ടാക്കുന്നതിനൊന്നും ധ്വരമാർക്കെതിരില്ല. ബർട്ടൻ എന്നൊരു ധ്വര ഇംഗ്ലണ്ടീന്ന് വന്നിട്ടൊണ്ടെന്നു കേട്ടു. മഹാമിടുക്കനാ. തിരുവനന്തോരത്തും കൊല്ലത്തും കുണ്ടറേലുമൊക്കെ ഒന്നാംതരം റോഡുവെട്ടുന്നു. കരിങ്കച്ചില്ലിന്റെ പൊറത്തു താറൊഴിച്ച് നല്ല മെഴുകിയ തറപോലെ മിനുസ്സമായി.

അത് ധ്വരമാരടെ കാറും കുതിരവണ്ടീം പോവ്വാനാ.

ന്നാലെന്താ, ജനത്തിന് കാലുതട്ടാതെ വഴിയേ നടക്കാമ്പറ്റൂല്ലോ!

ങാ, നമ്മുടെ ഈ കുഗ്രാമത്തില് എന്ന് റോഡുവരാനാ?

അതൊക്കെ വരും. നമ്മുടെ സന്തേതീടെ കാലത്തെങ്കിലും.

ന്നാലും അടിമത്തം അടിമത്തമല്ലേ. ശരിയാ. കുറേ കഴിയുമ്പം നമ്മടെ മക്കളതു ചിന്തിക്കും. ഒരുമയായി നിക്കാമ്പടിക്കുമ്പം ധ്വരമാര് നമ്മടെ രാജ്യം നമ്മുക്ക് തന്നേച്ചു പോകുമായിരിക്കാം.

ങാ, ആർക്കറിയാം? മാതുപിള്ള ദീർഘമായി നിശ്വസിച്ചു.

ചുമ്മാരു അറുപതു വയസ്സിലേക്ക് കടന്നപ്പോൾ ചില മാറ്റങ്ങൾ ഉണ്ടായി. ആദ്യം ചെറിയ ചെറിയ ഓർമ്മതപ്പലുകളിലൂടെയായിരുന്നു തുടക്കം. ക്രമേണ ഓർമ്മ സാവധാനം നശിച്ചു. പിന്നീട് നിശ്ശേഷവും. അപ്പോൾ ചുമ്മാരുടെ ചുമ്മാരുടെ ഓർമ്മകൾ പഴയനാളുകളിലേക്ക് കാടുകയറിപ്പോയി. അപ്രതീക്ഷിതമായി ഉണ്ടായ ആ രോഗം മൂർച്ഛിച്ചു. തലയ്ക്ക് ഒട്ടും വെളിവില്ലാതെ അദ്ദേഹം പാടി.

തെയ്യാ പട്ടുടുത്തേ
വാതുക്കൽ നിക്കല്ലേടി
വാതുക്കൽ നിന്നാലോ
ബാലന്മാർ കൈയ്ക്കുപിടിക്കും
ബാലന്മാർ കൈയ്ക്കുപിടിച്ചാൽ
കുഞ്ഞാങ്ങള കുത്തിമരിക്കും.

ആ പാട്ടുകേട്ട് അച്ചാരമ്മ ഊറിച്ചിരിച്ചു. തെയ്യായുടെ മനസ്സിൽ ആ പാട്ട് പഴയ ഓർമ്മകളുടെ തരംഗങ്ങൾ ഉതിർത്തിവിട്ടു. അവർ നാണിച്ചു. ആരേലും ആ പാട്ടിന്റെ സാരസ്യം മനസ്സിലാക്കാതിരിക്കട്ടെ എന്നാൾ ആശിച്ചു. പണ്ടുപണ്ടു നടന്ന ഒരു പതർച്ചയുടെ കഥ, അറിയുന്നവർ ആരുംതന്നെ ഇല്ല! ചുമ്മാരച്ചന്റെ അപ്പൻ പാലുവും അമ്മ കുഞ്ഞന്നയുമില്ലിന്ന്. അവർതന്നെ അത് അറിഞ്ഞിരുന്നുവോ എന്തോ. അച്ചാരമ്മയ്ക്ക് എന്തെങ്കിലും സംശയമുണ്ടായിട്ടുണ്ടോ? അതേപ്പറ്റി ഒക്കെ തെയ്യാ ഓർക്കും. ചുമ്മാരച്ചൻ തന്റെ പേരു പറഞ്ഞ് ചീത്ത പാട്ടുകൾ ഒക്കെ പാടാനാരംഭിക്കുമ്പോൾ തെയ്യാ അവിടംവിട്ടു പോകുക പതിവായിരുന്നു.

സ്ഥിതിഗതികൾ വഷളായതിനെതുടർന്ന് കുഞ്ഞുവറീത് ഗൃഹഭരണം ഏറ്റെടുത്തു. പക്ഷേ തലമുറകളായി ഒഴുകിയ സിദ്ധികളും ചികിത്സാരീതികളും മർമ്മാണിവിദ്യകളും കുഞ്ഞുവറീതിനു കിട്ടാതെപോയി. പരമ്പരാഗതമായ പൈതൃകമന്ത്രങ്ങൾ എന്നെന്നേക്കുമാറായി നഷ്ടപ്പെട്ടു.

അധികനാൾ എത്തുംമുമ്പ് ഒരുരാത്രിയിൽ ഉറക്കത്തിൽ ചുമ്മാർ ലോകത്തോടു വിടപറഞ്ഞു.

മക്കളില്ലാത്ത ചെറിച്ചി ഏകയായി. ഒരുനാളിൽ ചെറിച്ചിയുടെ ആങ്ങള അന്ത്രോസ് അവരെ ആലപ്പുഴയുള്ള സ്വന്തം വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

പിന്നീട് അധികകാലം കഴിയുംമുമ്പാണ് നെന്മാണിക്യം കാണാതായത്.

കുഞ്ഞുവറീതിന്റെ പ്രധാന ഉപദേഷ്ടാവ് കോട്ടയ്ക്കൽ കുണ്ടുണ്ണിനായരായിരുന്നു. നായർ ശതക്ക് തിരുവനന്തപുരത്തിനടുത്തുനിന്നു വന്നവനാണ്. ഒടുവിൽ കോട്ടയ്ക്കൽ തറവാട്ടിൽ പറ്റിക്കൂടി മാതുപിള്ള. മാതുപിള്ളയുടെ ഇളയസഹോദരിയുമായി സംബന്ധം കൂടി. മാതുപിള്ളയ്ക്ക് ആ ബന്ധം ഇഷ്ടമായില്ല. പ്രണയം മൂത്ത ഇളയവൾ, കാരണവരായ മാതുപിള്ള അതിനു സമ്മതിച്ചില്ലെങ്കിൽ കെട്ടിത്തൂങ്ങി ചത്തുകളയുമെന്ന് ഭീഷണി പോലുംമുഴക്കി. അങ്ങനെയാണാ സംബന്ധം നടന്നത്. സംബന്ധം കഴിഞ്ഞ് ആറുമാസം കഴിഞ്ഞ് മാതുപിള്ള മരിച്ചു. മനഃപ്രയാസം കൊണ്ടാന്നാ ജനസംസാരം.

അങ്ങനെയാണ് കോട്ടയ്ക്കൽ കുണ്ടുണ്ണിനായർ കുഞ്ഞുവറീതിന്റെ സന്തതസഹചാരിയായത്. വാചാലനായ കുണ്ടുണ്ണിനായർ കുഞ്ഞുവറീതിനെ കൈകളിലിട്ടമ്മാനമാടി.

നെന്മാണിക്യം കളവുപോയപ്പോൾ കുണ്ടുണ്ണിനായർ ഉപദേശിച്ചു:

വറീതുമാപ്ല ആശ്രിതരെ ഓരോരുത്തരെ ചോദ്യം ചെയ്യണം, സമയം കളയാണ്ട്. കട്ടതു പുരുഷൻതന്നെ! യാതൊരു സംശയോമില്ല. എനിക്കു സംശയം മുഴുവൻ ഇവിടത്തെ കാര്യസ്ഥൻ ഏലിയാസിനെയാ.

അവനോ?

എന്താ അവനല്ലേ. പെരയ്ക്കാത്തെ പ്രമാണി? ഇവിടത്തെ ഓരോ അറേം മുറീം അറിയാവുന്നവനാ അവൻ. ആർക്കറിയാം. ആർക്കാണ്ടൊയതാ ആ ജാരസന്തതിയെന്ന്?

നായർ പറഞ്ഞുവന്നതൊന്നും ശുദ്ധഗതിക്കാരനായ കുഞ്ഞുവറീതിന് പിടുത്തം കിട്ടിയില്ല. കുണ്ടുണ്ണിനായർക്ക് അവനോട് അസൂയ ഉണ്ടായിരുന്നു. അവനെ അവിടെനിന്നു തല്ലിയിറക്കുന്നതു കാണാൻ അയാൾ ആശിച്ചു. അതിനൊരു കാരണമുണ്ട്.

തെയ്യായുടെ കെട്ടിയോൻ കുത്തേറ്റു മരിച്ചപ്പോൾ ചുമ്മാരു തെയ്യായ്ക്കു ചെയ്ത ഒരു മനോഗുണമാണ് മകൻ ഏലിയാസിനെ കാര്യക്കാരനായി നിയമിച്ചത്.

ഏലിയാസ് വിശ്വസ്തനായിരുന്നു. കാര്യങ്ങളിൽ കണിശക്കാരനായിരുന്നു. കൃഷിയുടെ മേൽനോട്ടവും കണക്കും കാര്യങ്ങളും കൃത്യമായി അയാൾ സൂക്ഷിച്ചിരുന്നു. കളത്തിൽ നെല്ലളവും പതംകൊടുക്കലുമൊക്കെ കിറുകൃത്യമായിരുന്നു.

കുണ്ടുണ്ണിനായർ മഹാവെട്ടിപ്പുകാരനായിരുന്നു. തേങ്ങാ ഇടീക്കുന്നിടത്തും പുഞ്ചയിലെയും വിരിപ്പിലെയും അളവിലും പതംകൊടുക്കുന്നിടത്തുമൊക്കെ വെട്ടിപ്പുനടത്താൻ, ഏലിയാസ് കുണ്ടുണ്ണിനായർക്ക് ഒരു നെല്ലിടപോലം ഇടംകൊടുക്കാതിരുന്നത് നായർക്ക് പകയായി.

മുക്കവച്ചെറുക്കന്റെ ഒരഹങ്കാരം! അവന്റെ തന്ത കണ്ട മൊതലാണോ? അയാൾ പതം പെറുക്കി നടക്കുകയായിരുന്നു.

ഒരു അവസരം! നായർ അവന്റെ കഴുത്തിൽ കുടുക്കിട്ടു വലിച്ചെറിയാൻ തക്കംപാർത്തു കഴിയുകയായിരുന്നു.

കുണ്ടുണ്ണിനായർ കുഞ്ഞുവറീതിന്റെ മേൽ വിഷം ചൊരിഞ്ഞു.

കലയൊന്നും വറീതുമാപ്ലയ്ക്കറിയില്ല. നമ്മളൊക്കെ അന്നു കൊച്ചുങ്ങളാരുന്നു. മാപ്ലേടെ മരിച്ച മൂത്തചേട്ടൻ ചുമ്മാരുമാപ്ലയ്ക്ക് ഒരിക്കൽ ഒരു ബലഹീനത ഒണ്ടായി. അന്ന് മുക്കവത്തി തെയ്യായിലൊണ്ടായ ജാരസന്തതിയാ ഏലിയാസ്.

കുഞ്ഞുവറീത് അതുകേട്ട് വിളറി വായ് പൊളിച്ചുനിന്നു.

കേൾക്കാൻകൊള്ളാത്ത ആ കഥകേട്ട് കുഞ്ഞുവറീതിന്റെ അഭിമാനം നീറിപ്പുകഞ്ഞു.

(തുടരും....)

**********************************